
 എ.വൈ.ആർ

# സൂറ– 29 / അൽ അൻകബൂത്ത്

**സൂക്തം: 45**

സ്വയം സംസ്കൃതരാവാനും മറ്റുള്ളവരെ സംസ്കരിക്കാനും നിങ്ങൾ നടത്തുന്ന പരിശ്രമങ്ങളൊക്കെയും അല്ലാഹു നന്നായറിയുന്നുണ്ട്. പകൽ വെളിച്ചത്തിലാവട്ടെ രാവിന്റെ ഇരുട്ടിലാവട്ടെ, നിങ്ങൾ ചെയ്യുന്ന ഒരു കർമവും പാഴായിപ്പോവുകയില്ല. എല്ലാം അവന്റെ കണക്കിൽ കൃത്യമായി രേഖപ്പെടുന്നുണ്ട്. വിശ്വാസികൾ എല്ലാം അവനിൽ സമർപ്പിച്ച് ധീരമായി പ്രവർത്തിച്ചുകൊണ്ടിരിക്കണം.



اتْلُ مَا أُوحِيَ إِلَيْكَ مِنَ الْكِتَابِ وَأَقِمِ الصَّلَاةَ ۖ إِنَّ الصَّلَاةَ
تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ ۗ وَلَذِكْرُ اللَّهِ أَكْبَرُ ۗ وَاللَّهُ يَعْلَمُ
مَا تَصْنَعُونَ ﴿٤٥﴾

45. പ്രവാചകാ, നിനക്ക് ദിവ്യബോധനം ലഭിച്ച വേദവചനങ്ങൾ ഓതിക്കേൾപ്പിച്ചുകൊണ്ടിരിക്കുക. മുറപ്രകാരമുള്ള നമസ്കാരം നിലനിർത്തുക. തീർച്ചയായും നമസ്കാരം മഹാ പാപങ്ങളെയും മറ്റു തിന്മകളെയും വിലക്കുന്നതാകുന്നു. ദൈവസ്മരണ തന്നെയാണ് ഏറ്റം മഹത്തരമായിട്ടുള്ളത്. നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു അറിയുന്നുണ്ട്.

**45**

اتْلُ = (പ്രവാചകാ) നീ ഓതിക്കേൾപ്പിച്ചുകൊണ്ടിരിക്കുക
مَا أُوحِيَ إِلَيْكَ = നിന്നിലേക്ക് വഹ്‌യ് ചെയ്യപ്പെട്ടത് (നിനക്ക് ദിവ്യബോധനം ലഭിച്ച)
مِنَ الْكِتَابِ = വേദത്താൽ (വേദവചനങ്ങൾ) وَأَقِمِ الصَّلَاةَ = നീ നമസ്കാരം (മുറപ്രകാരം) നിലനിർത്തുകയും ചെയ്യുക
إِنَّ الصَّلَاةَ = തീർച്ചയായും നമസ്കാരം تَنْهَىٰ = വിലക്കുന്നു
عَنِ الْفَحْشَاءِ = മ്ലേഛ വൃത്തികളിൽനിന്ന് (മഹാ പാപങ്ങളെയും) وَالْمُنكَرِ = (മറ്റു) തിന്മക(ളെയും)ളിൽനിന്നും
وَلَذِكْرُ اللَّهِ = അല്ലാഹുവിന്റെ സ്മരണ (ദൈവസ്മരണ) തന്നെയാകുന്നു أَكْبَرُ = ഏറ്റം മഹത്തരമായിട്ടുള്ളത്
وَاللَّهُ يَعْلَمُ = അല്ലാഹു (നന്നായി) അറിയുന്നുണ്ട് مَا تَصْنَعُونَ = നിങ്ങൾ നിർമി(പ്രവർത്തി)ക്കുന്നതൊക്കെയും

വിഗ്രഹാരാധനയുടെയും ബഹുദൈവ വിശ്വാസത്തിന്റെയും നിരർഥകത ചരിത്ര യാഥാർഥ്യങ്ങളുടെയും ഉദാഹരണങ്ങളുടെയും വെളിച്ചത്തിൽ വിവരിക്കുകയും പ്രപഞ്ച ഘടനയിൽ വിളങ്ങുന്ന യുക്തിദീക്ഷയും ആസൂത്രണ വൈഭവവും തന്നെ ദൈവത്തിന്റെ ഏകത്വത്തിന് മതിയായ ദൃഷ്ടാന്തമാണെന്ന് വ്യക്തമാക്കുകയും ചെയ്ത ശേഷം അല്ലാഹു പ്രവാചകനോട് കൽപിക്കുകയാണ്; സൂക്തം സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും അതിലെ കൽപന അദ്ദേഹം മുഖേന എല്ലാ വിശ്വാസികൾക്കുമുള്ളതാണെന്ന് وَاللَّهُ يَعْلَمُ مَا تَصْنَعُونَ എന്ന പിൻകുറി സ്പഷ്ടമാക്കുന്നു. കൽപനയിതാണ്: പ്രവാചകൻ ഈ ഖുർആൻ ഓതിക്കേൾപ്പിച്ച് ജനങ്ങളെ പ്രബോധനം ചെയ്തുകൊണ്ടിരിക്കുക. സത്യം ബോധ്യപ്പെടുത്താൻ ഖുർആൻ ഉന്നയിക്കുന്ന തെളിവുകളും ന്യായങ്ങളും മനസ്സിലാക്കാൻ കൂട്ടാക്കാതെ ജനം ദിവ്യാത്ഭുതങ്ങളും ദൈവശിക്ഷയുടെ ആഗമനവും ആവശ്യപ്പെടുന്നുവെങ്കിൽ അവരുടെ അത്തരം ആവശ്യങ്ങൾ കാര്യമാക്കേണ്ട. യഥാർഥത്തിൽ ഈ ഖുർആൻ അവർക്ക് ലഭിച്ച മഹത്തായ അനുഗ്രഹമാകുന്നു. അവരതിനെ മാനിക്കുന്നില്ലെങ്കിൽ അതിന്റെ പരിണിത ഫലം അവർ അനുഭവിക്കുക തന്നെ ചെയ്യും. ഖുർആനികാദർശങ്ങളിലേക്ക് ജനങ്ങളെ പ്രബോധനം

ചെയ്യുക എന്നത് ഈമാനിന്റെ വാചിക രൂപമാണ്. ഇതിന്റെ മൗലികവും സംക്ഷിപ്തവും പ്രാഥമികവുമായ രൂപമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സത്യസാക്ഷ്യ പ്രഖ്യാപനം. സത്യസാക്ഷ്യം ഒരിക്കലെങ്കിലും ഏറ്റുപറയാതെ സത്യവിശ്വാസിയാവാൻ കഴിയില്ല.

أَقِمِ الصَّلَاةَ എന്ന വാക്യത്തിലൂടെ ആവശ്യപ്പെടുന്നത് ഈമാനിന്റെ പ്രാഥമികവും മൗലികവുമായ കർമരൂപമാണ്. ഒരാൾ മുഅ്മിൻ ആണെന്നതിന്റെ കർമപരമായ സാക്ഷ്യമാണത്. നബി(സ) പറഞ്ഞു: ''ഇസ്‌ലാമിനെയും കുഫ്‌റിനെയും വേർതിരിക്കുന്ന ലക്ഷണമാകുന്നു നമസ്‌കാരം.'' ഇസ്‌ലാമിക സൗധത്തിന്റെ അഞ്ച് അടിസ്ഥാന സ്തംഭങ്ങളിലൊന്നായും പ്രവാചകൻ നമസ്‌കാരത്തെ വിശേഷിപ്പിച്ചിരിക്കുന്നു. നമസ്‌കാരം അതിന്റെ എല്ലാ ഘടകങ്ങളും ഉപാധികളും പാലിച്ചുകൊണ്ട് പൂർണ രൂപത്തിൽ നിർവഹിക്കുന്നതിനെയാണ് ഖുർആൻ ഇഖാമത്തുസ്സ്വലാത്ത് എന്ന് വ്യവഹരിക്കുന്നതെന്ന് നേരത്തേ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഖുർആൻ ഏറ്റവും കൂടുതൽ ആവർത്തിച്ച് അനുശാസിച്ചിട്ടുള്ള കർമമാണ് ഇഖാമത്തുസ്സ്വലാത്ത്. ആദ്യ കൽപനയായ തിലാവത്തുൽ വഹ്‌യ് -ഖുർആൻ ഓതിക്കേൾപ്പിക്കൽ- പൊതുവായ പ്രബോധനവുമായി ബന്ധപ്പെട്ടതും രണ്ടാമത്തേത്, ഇഖാമത്തുസ്സ്വലാത്ത് വിശ്വാസിയുടെ ജീവിത സംസ്‌കരണവുമായി ബന്ധപ്പെട്ടതുമാകുന്നു. അതുകൊണ്ടാണ് തുടർന്ന് إِنَّ الصَّلَاةَ تَنْهَىٰ..... എന്നു പ്രസ്താവിച്ചത്. നമസ്‌കാരത്തിന്റെ അന്തസ്സത്തയും ലക്ഷ്യവും അതിൽ പ്രകാശിതമായിരിക്കുന്നു. فَحْشَاءِ-ന്റെയും مُنكَرِ -ന്റെയും അർഥം *ഖുർആൻ ബോധനം* സൂറ *അന്നഹ്ൽ* 90-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. മഹാ പാതകങ്ങളും പൊതു സമൂഹം വർജ്യമായി കരുതുന്ന തിന്മകളുമാണ് ഇവിടെ ഉദ്ദേശ്യം. ഈ രണ്ട് പദങ്ങൾ ചെറുതും വലുതുമായ എല്ലാ ധർമദോഷങ്ങളെയും ഉൾക്കൊള്ളുന്നു. ജഡികാസക്തികൾ അമിതമാകുന്നതിൽനിന്നും വഴിവിടുന്നതിൽനിന്നും ഉളവാകുന്നതാണ് മിക്ക തിന്മകളും. ആദ്യം വ്യക്തികളെ ബാധിക്കുന്ന അധാർമികതകൾ ക്രമേണ സമൂഹത്തെ മുഴുവൻ ആഭാസമയമാക്കുന്നു. പല കാര്യങ്ങളിലും ലജ്ജാശീലം അവരിൽനിന്ന് മാഞ്ഞുപോകുന്നു. തുടർന്ന് അത്തരം നടപടികൾ സഭ്യവും നിയമവിധേയവുമായി അംഗീകരിക്കപ്പെടുന്നു. പിന്നെ അവിടെ നിന്ന് മുന്നോട്ടുപോയി അത്തരം നടപടികളെ എതിർക്കുന്നവരെ മനുഷ്യാവകാശ ധ്വംസകരെന്നും പഴഞ്ചൻ പിന്തിരിപ്പന്മാരെന്നും ആക്ഷേപിച്ചു തുടങ്ങുന്നു. പലിശ, മദ്യോപയോഗം, സ്വവർഗരതി, വിവാഹേതര ലൈംഗിക വേഴ്ച തുടങ്ങി സമകാലീന ലോകത്ത് ഇതിനൊക്കെ ഉദാഹരണങ്ങളേറെയുണ്ട്. അതിരില്ലാത്ത സ്വാർഥത, ആർഭാടജീവിതം, ധനാർത്തി, സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള അധാർമികമായ മത്സരം, പരസ്പര ബന്ധങ്ങളിലും പെരുമാറ്റത്തിലും അനുവർത്തിക്കുന്ന ദയാശൂന്യത, അപമര്യാദ തുടങ്ങിയ രൂപങ്ങളിൽ നടമാടുന്ന തിന്മകളെല്ലാം മുൻകറിൽ പെടുന്നു. ഇതൊക്കെയും സംസ്‌കൃത സമൂഹത്തിന്റെ വിശിഷ്ട ചര്യകൾക്കെതിരാകുന്നു. പൂർവ സമുദായങ്ങളിൽ ലൂത്വ് ജനതയുടെ സദാചാര ജീർണത, ആദ്-സമൂദ് വർഗങ്ങളുടെ നാഗരിക നിഷ്ഠുരത, മിദ്‌യാൻ ജനതയുടെ അതിക്രമവും അധാർമികതയും നിറഞ്ഞ സാമൂഹിക സമ്പ്രദായം എന്നിവ ഖുർആൻ ഇതിനൊക്കെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആ സമൂഹങ്ങളെ ബാധിച്ച ജീർണതകൾ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ഇക്കാലത്ത് മിക്ക സമൂഹങ്ങളിലും കാണാം. പുതിയ പുതിയ സിദ്ധാന്തങ്ങൾ ചമച്ച് അതൊക്കെ പരിഷ്‌കൃത ആചാരത്തിന്റെ ചിഹ്നങ്ങളായി അവതരിപ്പിക്കപ്പെടുകയാണ്.

നമസ്‌കാരം മഹാ പാപങ്ങളിൽനിന്നും മറ്റു തിന്മകളിൽനിന്നും മനുഷ്യനെ വിലക്കുന്നു എന്നു പറഞ്ഞതിന്റെ താൽപര്യം, നമസ്‌കാരം ഏറെ സ്വാധീനശക്തിയുള്ള ഉപദേശകന്റെയും ശാസകന്റെയും സ്ഥാനത്താകുന്നു എന്നാണ്. ഇഖാമത്തുസ്സ്വലാത്തിനു മാത്രമേ ഈ സ്ഥാനം ലഭിക്കൂ. അതായത് എല്ലാ ഘടകങ്ങളും ഘടനയും ജാഗ്രതയോടെ പാലിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്ന നമസ്‌കാരം. അതവനെ ജീവിതത്തിന്റെ ശരിയായ പാതയിൽ നിലകൊള്ളാൻ പാലിക്കേണ്ട ധർമങ്ങൾ ഓർമിപ്പിച്ചുകൊണ്ടിരിക്കും. നമസ്‌കാരത്തിൽ നിഷ്‌കളങ്കമായ ദൈവഭക്തിയും ആത്മാർഥതയും ഉണ്ടായിരിക്കണം. അത്തരം നമസ്‌കാരം വിശ്വാസി നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന സ്വയംശുദ്ധീകരണമാകുന്നു. അതേപ്പറ്റി ഉദ്ധരിച്ച ഒരു ഹദീസ് ഇങ്ങനെ:

أَرَأَيْتُمْ لَوْ أَنَّ نَهَرًا بِبَابِ أَحَدِكُمْ يَغْتَسِلُ فِيهِ كُلَّ يَوْمٍ خَمْسَ مَرَّاتٍ هَلْ يَبْقَى
مِنْ دَرَنِهِ شَيْءٌ قَالُوا لَا يَبْقَى مِنْ دَرَنِهِ شَيْءٌ قَالَ فَذَلِكَ مَثَلُ الصَّلَوَاتِ
الْخَمْسِ يَمْحُو اللَّهُ بِهِنَّ الْخَطَايَا

(നിങ്ങളിലൊരുവന്റെ പടിവാതിൽക്കൽ, അവൻ ദിനേന അഞ്ചു വട്ടം കുളിക്കുന്ന ഒരു നദിയുണ്ടാകുന്നത് നിങ്ങൾ സങ്കൽപിച്ചിട്ടുണ്ടോ? അവനിൽ വല്ല അഴുക്കും അവശേഷിക്കുമോ? ശിഷ്യന്മാർ പറഞ്ഞു: 'അങ്ങനെയുള്ളവനിൽ ഒരഴുക്കും ശേഷിക്കുകയില്ല തിരുദൂതരേ.' തിരുമേനി: 'അതാണ് പഞ്ചനമസ്‌കാരത്തിന്റെ ഉദാഹരണം. ആ നമസ്‌കാരങ്ങളാൽ അല്ലാഹു അവന്റെ പാപങ്ങൾ മായ്ച്ചുകളയുന്നു'). മുറപ്രകാരം നമസ്‌കരിക്കുന്നവന്റെ പൂർവ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുകയും അവനെ പുണ്യകർമങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു എന്നാണ് 'അവന്റെ പാപങ്ങൾ മായ്ച്ചുകളയുന്നു' എന്നു പറഞ്ഞതിന്റെ താൽപര്യം. എത്ര വലിയ പാപിയാണെങ്കിലും സ്ഥിരമായി മുറപ്രകാരം നമസ്‌കരിച്ചു തുടങ്ങിയാൽ സാവകാശമെങ്കിലും അവൻ അധർമങ്ങളിൽനിന്നും നീചകൃത്യങ്ങളിൽനിന്നും സ്വയം മുക്തനായിക്കൊള്ളും. പ്രവാചക ശിഷ്യൻ അനസുബ്‌നു മാലിക് പ്രസ്താവിച്ചു: ഒരു അൻസ്വാരി യുവാവ് നബി(സ)യുടെ പിന്നിൽ പതിവായി നമസ്‌കരിച്ചു തുടങ്ങി. എന്നാൽ അയാൾ നീച നടപടികളും മോഷണവുമൊന്നും വർജിച്ചിട്ടുണ്ടായിരുന്നില്ല. അക്കാര്യം നബി(സ)യെ അറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: سينهاه ما تقُول (നിങ്ങൾ പറയുന്ന ദോഷങ്ങളിൽനിന്നൊക്കെ സാവകാശം നമസ്‌കാരം അയാളെ വിലക്കിക്കൊള്ളും). അധികകാലം കഴിയുന്നതിനു മുമ്പ് അയാൾ പാപങ്ങളിൽ പശ്ചാത്തപിക്കുകയും സംസ്‌കൃതനായിത്തീരുകയും ചെയ്തു. അപ്പോൾ തിരുമേനി ശിഷ്യന്മാരോട് ചോദിച്ചു: ألم أقل لكم هذا (ഇതു ഞാൻ നേരത്തേ നിങ്ങളോട് പറഞ്ഞിരുന്നില്ലയോ). നമസ്‌കാരത്തെയും മറ്റു ആരാധനകളെയും മോഷണം പോലുള്ള അധാർമിക നടപടികൾക്ക് മറയാക്കുന്നവരുടെ കാര്യമല്ല; ദൈവപ്രീതിക്കു വേണ്ടി ആത്മാർഥമായി നമസ്‌കരിക്കുന്നവരുടെ കാര്യമാണ് ഇപ്പറഞ്ഞത്.

അല്ലാഹുവിനെ സ്തുതിക്കുകയും അവനു വഴിപ്പെട്ടു ജീവിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും അതിനുള്ള മാർഗദർശനം അവനോടു തന്നെ തേടുകയും ചെയ്യുകയാണ് നമസ്‌കാ

രത്തിൽ ചെയ്യുന്നത്. ബോധപൂർവം നിഷ്കളങ്കമായി ഇങ്ങനെ ചെയ്തവർക്ക് നമസ്കാരത്തിൽനിന്ന് സലാം വീട്ടിയാൽ ദൈവധിക്കാരത്തിലും നീചവൃത്തിയിലും ഏർപ്പെടാൻ കഴിയുന്നതെങ്ങനെ? അത്തരം നടപടികളിലേർപ്പെടുന്നതിനുള്ള പ്രകോപനവും പ്രലോഭനവും ഉണ്ടാകുമ്പോൾ അയാൾ അല്ലാഹുവിനെയും അവന്റെ വിധിവിലക്കുകളെയും ഓർത്ത് സ്വയം പിന്മാറുന്നു. നമസ്കാരം എന്താണെന്നും എന്തിനാണെന്നും അതിൽ താൻ നടത്തിയ പ്രതിജ്ഞയും പ്രാർഥനയും എന്താണെന്നും യാതൊരു ബോധവുമില്ലാതെ നടത്തപ്പെടുന്ന നമസ്കാരം, നമസ്കരിക്കുന്നവനിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല. അത്തരം നമസ്കാരം അഭിശപ്തമാകുന്നു.

فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾ الَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾ الَّذِينَ هُمْ يُرَاءُونَ ﴿٦﴾

(തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരായ നമസ്കാരക്കാർക്ക് മഹാ നാശം. അവർ കപട നാട്യക്കാർ തന്നെയാകുന്നു-107: 4-6). ത്വബറാനി ഉദ്ധരിച്ച ഒരു ഹദീസിൽ പ്രവാചകൻ പ്രസ്താവിക്കുന്നു:

مَنْ لَم تَنْهَهُ صَلاتُه عَنِ الفَحْشَاء والمنكر لم يَزْدَدْ مِنَ الله إلا بعدًا ولَم تَزدد بِهَا من الله إلا بغضا

(ഒരുവന്റെ നമസ്കാരം അവനെ നീചകൃത്യങ്ങളിൽനിന്നും തിന്മകളിൽനിന്നും വിലക്കുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്നുള്ള അകൽച്ചയല്ലാതൊന്നും അവൻ വർധിപ്പിക്കുന്നില്ല. ആ നമസ്കാരം കൊണ്ട് അല്ലാഹുവിന്റെ വെറുപ്പല്ലാതൊന്നും വർധിക്കുന്നുമില്ല). നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു:

مَنْ لَم تَنْهَهُ صَلاتُه عَنِ الفَحْشَاء والمنكر فَلا صَلَاةَ لَه

(ഒരുവന്റെ നമസ്കാരം അവനെ നീചവൃത്തികളിൽനിന്നും തിന്മകളിൽനിന്നും തടയുന്നില്ലെങ്കിൽ അവന് നമസ്കാരമില്ല). ഇബ്നു ജരീറും ഇബ്നു അബീഹാതിമും ഉദ്ധരിച്ച ഒരു ഹദീസിൽ പറയുന്നു:

لا صَلاةَ لِمَنْ لَمْ يُطِعِ الصَّلاةَ ، وَطَاعَةُ الصَّلاةِ أَنْ تَنْهَى عَنِ الْفَحْشَاءِ وَالْمُنْكَرِ

(നമസ്കാരത്തെ അനുസരിക്കാത്തവന് നമസ്കാരമില്ല. നീചകൃത്യങ്ങളിൽനിന്നും തിന്മകളിൽനിന്നും വിരമിക്കലാണ് നമസ്കാരത്തിനുള്ള അനുസരണം). ഈദൃശമായ നബിവചനങ്ങൾ ഇനിയും ഏറെയുണ്ട്. വിശ്വാസികൾക്ക് സ്വന്തം നമസ്കാരത്തിന്റെ സാധുതയും കരുത്തും പരിശോധിച്ചുനോക്കാനുള്ള മാനദണ്ഡങ്ങളാണവ. മുസ്‌ലിം സമുദായത്തിൽ നമസ്കരിക്കുന്നവരുടെ എണ്ണം പെരുകിവരുമ്പോഴും ക്രിമിനലുകളുടെ എണ്ണം കുറയാത്ത ഇന്നത്തെ അവസ്ഥ ഈ പരിശോധനയെ ഏറെ പ്രസക്തമാക്കുന്നു.

وَلَذِكْرُ اللَّهِ أَكْبَرُ പലവിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ذِكْرُ اللَّهِ എന്നു പറഞ്ഞത് നമസ്കാരത്തെ തന്നെയാണെന്നാണ് ഒന്നാമത്തെ വ്യാഖ്യാനം. സൂറ *അൽജുമുഅ*യിലെ إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ എന്ന വാക്യത്തിലെ ذِكْرِ اللَّهِ നമസ്കാരം തന്നെയാണല്ലോ. ഇവിടെ ഈ പദപ്രയോഗത്തിൽ വിപുലമായ ആശയങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. സമൂഹത്തിൽ ആദർശ സ്ഥൈര്യവും മനോദാർഢ്യവും സന്മാർഗ പ്രതിബദ്ധതയും വളർത്താനുള്ള സുപ്രധാനമായ ഉപാധിയാണ് നമസ്കാരമെന്നതിനാൽ أَقِمِ الصَّلَاةَ എന്ന കൽപനയെ ഈ വാക്കിലൂടെ വീണ്ടും ഊന്നിപ്പറയുകയാണ്. യഥാർഥത്തിൽ നമസ്കാരത്തിന്റെ അന്തസ്സത്ത ദൈവവിചാരം - ذِكْرُ اللَّهِ-യാണ്. മനുഷ്യനെ സംബന്ധിച്ചേടത്തോളം ഏറ്റവും മഹത്തരവും വിശിഷ്ടവുമായ കാര്യമാണത്. മനുഷ്യ മനസ്സിന് യഥാർഥ ശാന്തിയും സമാധാനവും കൈവരുന്നത് ദൈവസ്മരണയിലൂടെയാണ്. أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوب - (ശ്രദ്ധിച്ചു കേൾക്കുവിൻ. ദൈവസ്മരണയിലൂടെയാണ് മനസ്സുകൾ ശാന്തമാകുന്നത്). പ്രശാന്ത മനസ്സാണല്ലോ മനോവീര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഉറവിടം. ഭദ്രമായ മനസ്സുണ്ടെങ്കിൽ മനുഷ്യന് അതിനേക്കാൾ ബലിഷ്ഠമായ മറ്റൊന്നുമില്ല. മനസ്സ് ദുർബലമാണെങ്കിൽ അതിലുപരി ദൗർബല്യവുമില്ല. മനസ്സിന് യഥാർഥ ശക്തി പകരുന്ന ഇന്ധനമാണ് ദൈവവിചാരം. ദൈവവിചാരത്തിന്റെ ഏറ്റം സമഗ്രവും വ്യവസ്ഥാപിതവും ശക്തവുമായ രൂപമാണ് നമസ്കാരം.

സ്ഥൈര്യവും ധൈര്യവുമുളവാക്കുന്ന മനശ്ശാന്തിയെയും സമാധാനത്തെയും കുറിച്ചാണ് ഇവിടെ പറയുന്നത്. അതുള്ളവർ അല്ലാഹുവിനെയല്ലാതെ ആരെയും ഭയപ്പെടുകയില്ല. അന്യായമായ ആസക്തികൾക്കടിപ്പെടുകയുമില്ല. നൈരാശ്യത്തിൽനിന്നും പ്രതികാരദാഹത്തിൽനിന്നും ഭയത്തിൽനിന്നും സമ്പത്തിലും സ്ഥാന മാനങ്ങളിലും പ്രശസ്തിയിലുമുള്ള അദമ്യമായ മോഹത്തിൽനിന്നുളവാകുന്ന ധൈര്യത്തിൽനിന്നും തികച്ചും വ്യത്യസ്തമാണിത്. അത്തരം ധൈര്യവും ദൈവിചാരത്തിൽനിന്ന് ലഭിക്കുന്ന ധൈര്യവും ഈ ലോകത്തുളവാക്കുന്ന പ്രതികരണവും വ്യത്യസ്ത രീതിയിലുള്ളതായിരിക്കും. ദൈവവിചാരത്തിൽനിന്ന് ഉളവാകുന്ന ധൈര്യം ഉമറുബ്നുൽ ഖത്ത്വാബിന്റെയും ഖാലിദുബ്നു വലീദിന്റെയും ധൈര്യം പോലെ, ലോകത്തിന് അനുഗ്രഹവും കാരുണ്യവുമാകുമ്പോൾ മറ്റേ ധൈര്യം ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും ധൈര്യം പോലെ ലോകത്തിന് ശാപവും ദുരിതവുമാകുന്നു.

ذِكْرُ اللَّهِ എന്നു പറഞ്ഞത് നമസ്കാരത്തിലും അല്ലാത്തപ്പോഴുമുള്ള ദൈവസ്മരണയാണെന്നാണ് മറ്റൊരു വ്യാഖ്യാനം. അല്ലാഹുവിന്റെ വിധിവിലക്കുകളെക്കുറിച്ചുള്ള ബോധവും അവന്റെ അപ്രീതിയിലുള്ള ഭയവുമാണ് ذِكْرُ اللَّهِ എന്നും വ്യാഖ്യാനമുണ്ട്. ഈമാൻ-സത്യവിശ്വാസം തന്നെയാവാം ذِكْرُ اللَّهِ എന്നും അഭിപ്രായമുണ്ട്. സുപ്രധാനമായ രണ്ട് പുണ്യകർമങ്ങൾ (ഖുർആൻ പാരായണവും നമസ്കാരവും) കൽപിച്ചതിനെത്തുടർന്ന് അതിനേക്കാളൊക്കെ പ്രധാനവും അടിസ്ഥാനപരവുമായ സംഗതി ഈമാൻ ആണെന്ന് ഉണർത്തുകയാണ്. മനസ്സാ ഉള്ള ഈമാനാണ് ദൈവവിചാരം. അങ്ങനെ ഈമാനിന്റെ മനസ്സാ വാചാ കർമണാ ഉള്ള മൂന്ന് രൂപങ്ങളും ഈ സൂക്തം ഉൾക്കൊണ്ടിരിക്കുന്നു.

ذِكْرُ اللَّهِ -യുടെ ഭാഷാർഥം അല്ലാഹുവിന്റെ സ്മരണ എന്നാണ്. ഈ അർഥത്തെ ആധാരമാക്കി ചിലർ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: ഖുർആൻ പാരായണത്തിലൂടെയും മുറപ്രകാരമുള്ള നമസ്കാരത്തിലൂടെയും ദൈവദാസൻ അല്ലാഹുവിനെ സ്മരിക്കുമ്പോൾ അല്ലാഹു ദൈവദാസനെയും സ്മരിക്കുന്നുണ്ട്. فَاذْكُرُونِي أَذْكُرْكُمْ (നിങ്ങൾ എന്നെ സ്മരിക്കുവിൻ. ഞാൻ നിങ്ങളെയും സ്മരിക്കാം) എന്ന് അവൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദൈവദാസനെ സംബന്ധിച്ചേടത്തോളം അല്ലാഹു അവനെ സ്മരിക്കുന്നുവെന്നതാണ് ഏറ്റവും അനുഗൃഹീതവും മഹത്തരവുമായ കാര്യം എന്ന് ഉണർത്തിയിരിക്കുകയാണ്.

നമസ്കാരത്തെ ഓരോ വിശ്വാസിയിലും പ്രവർത്തിക്കുന്ന പോലീസായും പട്ടാളമായും കാണാവുന്നതാണ്. കുറ്റകൃത്യങ്ങൾ തടയുകയും അവകാശങ്ങൾ സംരക്ഷിക്കുകയും കുഴപ്പങ്ങളൊതുക്കുകയും ശത്രുക്കളോട് പൊരുതുകയുമൊക്കെയാണല്ലോ പോലീസിന്റെയും പട്ടാളത്തിന്റെയും ധർമം. ഒരർഥത്തിൽ നമസ്കാരത്തിലൂടെ നടക്കുന്നതും അതൊക്കെ തന്നെയാണ്. അങ്ങനെ ചിന്തിക്കുമ്പോൾ നമസ്കാരത്തിന്റെ രൂപത്തെ സൈനികപരിശീലനത്തോടും ഉപമിക്കാം. സത്യവിശ്വാസിക്ക് സ്വർഗപ്രാപ്തി എന്ന പരലോക ലക്ഷ്യമുള്ളതുപോലെ നീതിയും ധർമവും ക്ഷേമവും പുലരുന്ന സമൂഹ സൃഷ്ടി എന്ന ഇഹലോക ലക്ഷ്യവുമുണ്ട്. മുറപ്രകാരമുള്ള സംഘടിത നമസ്കാരത്തിന്റെ അകം-ദൈവസ്മരണ- പരലോക ലക്ഷ്യത്തെ പ്രതിനിധീകരിക്കുമ്പോൾ പുറം -ബാഹ്യരൂപം- ഇഹലോക ലക്ഷ്യത്തെയും സൂചിപ്പിക്കുന്നു. സംഘടിത നമസ്കാരത്തിന്റെ മുറപ്രകാരമുള്ള രൂപം ശ്രദ്ധിച്ചാൽ അതു മനസ്സിലാക്കാം. നമസ്കാരം നിരോധിക്കുമെന്നു പറഞ്ഞത് ആരുടെ നീചവൃത്തികളും തിന്മകളുമാണെന്ന് സൂക്തം വ്യക്തമായി പറയുന്നില്ല. പ്രഥമമായും അത് നമസ്കാരക്കാരുടെ തന്നെയാണ്. അവരിലൂടെ അത് സമൂഹത്തിലേക്കും പരക്കും, പരക്കണം. പ്രവാചകനിലൂടെ നമസ്കാരം കൽപിക്കുന്നത് മുഴുവൻ വിശ്വാസികളോടുമാണല്ലോ. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ നമസ്കാരത്തിന്റെ ഉള്ളടക്കത്തിന് ഒരു രാഷ്ട്രീയ മാനവുമുണ്ട്. അത് സാമൂഹിക ഉച്ചനീചത്വങ്ങളെയും അസമത്വങ്ങളെയും നിരാകരിക്കുന്നു. മനുഷ്യന്റെ മേലുള്ള മനുഷ്യന്റെ യജമാനത്തത്തെ നിഷേധിക്കുന്നു. നീചവൃത്തികളും നിഷിദ്ധങ്ങളുമില്ലാത്ത, ധർമവും നീതിയും ക്ഷേമവും പുലരുന്ന ക്ഷേമ സമൂഹത്തിന്റെ നിർമിതിയെ പ്രചോദിപ്പിക്കുന്നു. സംസ്കൃത വ്യക്തിത്വ നിർമിതിയുടെ എന്ന പോലെ സംസ്കൃത സമൂഹ നിർമിതിയുടെയും മുഖ്യ ഉപാധിയാണ് ഇഖാമത്തുസ്സ്വലാത്ത്. സായുധ ശത്രുക്കളോട് ഏറ്റുമുട്ടേണ്ടിവരുമ്പോൾ പോലും പ്രവാചകൻ 'ഇഖാമത്തുസ്സ്വലാത്ത്' നിർവഹിച്ചിരുന്നു. യുദ്ധമുഖത്തുള്ള നമസ്കാരത്തിന് ഖുർആൻ പ്രത്യേക രൂപം നിർദേശിച്ചിട്ടുണ്ട്. പ്രവാചകൻ യുദ്ധത്തിനു വേണ്ടി നമസ്കാരം ഒഴിവാക്കുകയോ നമസ്കാരത്തിനു വേണ്ടി യുദ്ധത്തിൽനിന്ന് പിന്മാറുകയോ ചെയ്തിരുന്നില്ല. കാരണം രണ്ടും ഒരേ ലക്ഷ്യത്തിനു വേണ്ടിയുള്ള രണ്ടുതരം പ്രവർത്തനമാണ്.

وَاللَّهُ يَعْلَمُ مَا تَصْنَعُونَ എന്ന സമാപന വാക്യത്തിലെ നിങ്ങൾ എന്ന ബഹുവചന സംബോധന ആദ്യം പ്രവാചകനെ സംബോധന ചെയ്തത് അദ്ദേഹം മുസ്‌ലിം ഉമ്മത്തിന്റെ വക്കീൽ ആകുന്നു എന്ന നിലക്കാണെന്നും യഥാർഥ സംബോധിതർ മുഴുവൻ ഉമ്മത്തുമാണെന്നും കുറിക്കുന്നു. പ്രബോധനവും ശിക്ഷണവും പ്രവാചകന്റെ എന്ന പോലെ സമുദായത്തിന്റെയും ചുമതലയാകുന്നു. എങ്കിലും തുടക്കത്തിൽ പ്രവാചകനെ സംബോധന ചെയ്തത് സമുദായം ആ ചുമതല നിർവഹിക്കാൻ കൂട്ടാക്കാത്ത സാഹചര്യത്തിൽ പ്രവാചകൻ സ്വന്തം നിലക്ക് അത് നിർവഹിച്ചുകൊണ്ടിരിക്കണമെന്ന് സൂചിപ്പിക്കുന്നു. ഈ വാക്യത്തിന്റെ താൽപര്യമിതാണ്: സ്വയം സംസ്കൃതരാവാനും മറ്റുള്ളവരെ സംസ്കരിക്കാനും നിങ്ങൾ നടത്തുന്ന പരിശ്രമങ്ങളൊക്കെയും അല്ലാഹു നന്നായറിയുന്നുണ്ട്. പകൽ വെളിച്ചത്തിലാവട്ടെ രാവിന്റെ ഇരുട്ടിലാവട്ടെ, നിങ്ങൾ ചെയ്യുന്ന ഒരു കർമവും പാഴായിപ്പോവുകയില്ല. എല്ലാം അവന്റെ കണക്കിൽ കൃത്യമായി രേഖപ്പെടുന്നുണ്ട്. വിശ്വാസികൾ എല്ലാം അവനിൽ സമർപ്പിച്ച് ധീരമായി പ്രവർത്തിച്ചുകൊണ്ടിരിക്കണം. ●